# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

## പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡു നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3260

18.02.2013 ൽ
മറുപടിക്ക്

ചോദ്യം

ശ്രീ.ജോസഫ് വാഴക്കൻ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ.വി.ഡി.സതീശൻ

ശ്രീ.സി.പി.മുഹമ്മദ്

ഉത്തരം

ശ്രീ.കെ.സി.ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) പി.എം.ജി.എസ്.വൈ.യിൽ സംസ്ഥാനത്തിനനുവദിച്ച റോഡുനിർമ്മാണം തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

എ) പി.എം.ജി.എസ്.വൈ പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവർത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവർത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 42% ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. നിരവധി തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവൃത്തികൾ കരാറുകാരുമായി നെഗോഷിയേറ്റ് ക്വട്ടേഷൻ പ്രകാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) എത്ര കിലോമീറ്റർ റോഡാണ് അനുവദിച്ചിട്ടുള്ളത്; വിശദീകരിക്കുമോ; | ബി) പി.എം.ജി.എസ്.വൈ പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് 2703.626 കി.മി ദൈർഘ്യം വരുന്ന റോഡുകൾ അനുവദിച്ചിട്ടുണ്ട്. |
| സി) ഇതുമായി ബന്ധപ്പെട്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) പി.എം.ജി.എസ്.വൈ പ്രകാരം ഏറ്റെടുക്കേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾ സമർപ്പിക്കുന്ന മുൻഗണനാ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതിനുശേഷം ജില്ലാ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. നിലവിൽ എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ജില്ലകളിൽ അന്തിമ ഘട്ടത്തിലാണ്. |
| ഡി) പദ്ധതി റിപ്പോർട്ട് എന്നാണ് കേന്ദ്രസർക്കാരിനു സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2013 ഫെബ്രുവരിയിൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ